ജലസംഭരണികൾ മണ്ണൊലിപ്പുമൂലം നികന്നു പോകുന്നത് തടയാൻ നടപടി

61 (1972) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസംഭരണികൾ മണ്ണൊലിപ്പുമൂലം ചെളിനിറഞ്ഞ് നികന്നുപോകുന്നതു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മണ്ണൊലിപ്പു തടയുവാനും നിറഞ്ഞ ചെളിനീക്കി സംഭരണിയുടെ സംഭരണശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി പ്രകാരം ഏതെല്ലാം സംഭരണികൾ വൃത്തിയാക്കിയിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസംഭരണികളിലേക്കുള്ള മണ്ണൊലിപ്പുതടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജല സംഭരണികളിൽ രൂപകല്പന ചെയ്തിരിക്കുന്ന 'ഡെഡ് സ്റ്റോറേജ് ലവൽ' കവിഞ്ഞു മണ്ണും ചെളിയും വന്നടിയുന്നുണ്ടോ എന്ന പഠനം അണക്കെട്ടുകളിൽ നടത്തിവരുന്നുണ്ട്. സാധാരണയിൽ കവിഞ്ഞ മണ്ണൊലിപ്പ് ഉണ്ടെന്നു കാണുന്ന സംഭരണികളുടെ കാച്ച്മെന്റ് ഏരിയായിൽ കൂടുതൽ സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ഈ പഠനം സഹായിക്കും. കൂടാതെ ജല സംഭരണികളുടെ പരമാവധി ജലനിരപ്പിന് മുകളിലുള്ള പ്രദേശങ്ങളിൽ സാമൂഹിക വനവൽക്കരണ പദ്ധതി പ്രകാരം വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചതുമൂലം ഒരു പരിധിവരെ മണ്ണൊലിപ്പു തടയുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി & ഡി) സംഭരണികളിലെ ചെളി നീക്കം ചെയ്യുക എന്നതു വളരെ ചെലവേറിയതും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതുമായ ഒരു സംരംഭമാണ്. എന്നിരിന്നാലും മലമ്പുഴ ഡാമിൽനിന്നും ഭാഗീകമായി ചെളി നീക്കം ചെയ്തിട്ടുണ്ട്. മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ജലസംഭരണികളിലെ ചെളിയും മണ്ണും വർഷംതോറും ടെൻണ്ടർ മുഖേന നീക്കം ചെയ്യുന്നുണ്ട്.

പുതിയ ജലസേചന പദ്ധതികൾ

62 (1973) ശ്രീ. പി. രാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്ത് പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly